## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ.180

25/03/2013 ൽ മറുപടിയ്ക്ക്

## ജയിൽ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ജയിൽ സംവിധാനം ആധുനികവൽകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. അനുബന്ധം (1) |
| (ബി) അന്തേവാസികൾക്ക് എന്തെല്ലാം കൂടുതൽ സൗകര്യങ്ങളും സുരക്ഷിതത്വവുമാണ് പദ്ധതിയിൽ ഒരുക്കിയിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും മറുപടി അനുബന്ധമായി (2) ചേർത്തിരിക്കുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശമാക്കുമോ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

2011-12

| ക്രമ. നം | പദ്ധതിയുടെ പേര് | തുക (രൂപ) |
|---|---|---|
| 1 | വിയ്യൂരിൽ അതീവ സുരക്ഷാ ജയിലിൻെറ നിർമ്മാണം | 20,00,00,000/- |
| 2 | ജയിലുകളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിക്കൽ | 26,06.00.000/- |
| 3 | തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായി പുതിയ ജയിലുകളുടെ നിർമ്മാണം | 22,66,00,000/- |
| 4 | സുപ്രധാന അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും | 19,91,00,000/- |
| 5 | ജലവിതലണ സംവിധാനം മെച്ചപ്പെടുത്തൽ | 1,75,00,000/- |
| 6 | ചീമേനി തുറന്ന ജയിലിലെ വികസന പ്രവർത്തനങ്ങൾ | 2,31,00,000 |
| 7 | നെട്ടുകാൽത്തേരി തുറന്ന ജയിലിലെ വികസന പ്രവർത്തനങ്ങൾ | 3,55,00,000 |
| 8 | അന്തേവാസികൾക്ക് തടിക്കട്ടിൽ നിർമ്മിക്കുന്നത് | 2,40,00,000 |
| | ആകെ | 98,64,00,000 |

2012-13

| | | |
|---|---|---|
| 1 | കോമ്പൗണ്ട് മതിലുകളുടെ നിർമ്മാണം | 7,84,00,000/- |
| 2 | ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കൽ | 15,00,00,000/- |
| 3 | വിയ്യൂർ സെൻട്രൽ പ്രിസണിലും തിരുവനന്തപുരം കൊല്ലം, കോഴിക്കോട് എന്നീ ജില്ലാകളിലും സിസി ടിവി സംവിധാനം സ്ഥാപിക്കൽ | 4,00,00,000/- |
| 4 | തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിന് പുതിയ ജയിലുകളുടെ നിർമ്മാണം | 6,00,00,000/- |
| 5 | ജയിലുകളിലെ അടിസ്ഥാന സൗകര്യ വികസനം | 7,89,00,000 |
| 6 | അന്തേവാസികൾക്കുള്ള തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് | 3,10,00,000 |
| | ആകെ | 43,83,00,000 |

| | 2013-14 | |
|---|---|---|
| 1 | ചുറ്റുമതിലുകളുടെ നിർമ്മാണം | 9,53,00,000 |
| | 2014-15 | |
| 2 | ഇരിങ്ങാലക്കുട സ്പെഷ്യൽ സബ് ജയിലിൻെറ നിർമ്മാണം | 2,00,00,000 |
| | ആകെ | 154,00,00,000/- |

13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ടി പദ്ധതികൾക്കു പുറമേ 2012-13 ലെ വാർഷിക പദ്ധതിയിലും ജയിലുകളുടെ നവീകരണം പദ്ധതിയിലും തടവുകാരുടെ ക്ഷേമം പദ്ധതിയിലും ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ജയിലുകളുടെ നവീകരണം

| ക്രമ നം. | പദ്ധതിയുടെ പേര് | തുക (രൂപ) |
|---|---|---|
| 1 | ജയിലുകളിൽ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം | 62,00,000/- |
| 2 | കണ്ണൂർ വനിതാ ജയിൽ, കൊട്ടാരക്കര സബ് ജയിൽ, ചീമേനി തുറന്ന ജയിൽ എന്നീ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണികൾ സ്ഥാപിക്കുന്നത് | 9,00,000/- |
| 3 | സെൻട്രൽ പ്രിസൺ തിരുവനന്തപുരത്ത് സിസി ടി വി സംവിധാനം സ്ഥാപിച്ചതിന്റെ കെൽട്രോണിന് ബാക്കി നൽകുവാനുള്ള തുക | 9,24,859/- |
| | കണ്ണൂർ സബ് ജയിലിൽ കുക്കിംഗ് ഗ്യാസ്സംവിധാനം സ്ഥാപിക്കൽ | 67,770 |
| 5 | എറണാകുളം ജില്ലാ ജയിലിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് | 3,35,000 |
| 6 | നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ബയോഗ്യാസ് പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ | 67,851 |
| 7 | 16 ജയിലുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നത് | 16,40,000 |
| 8 | തൃക്കാക്കര ബോർസ്റ്റൽ സ്കൂളിൽ 10.00 ലക്ഷം ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണിയുടെ നിർമ്മാണം | 45,04,572 |
| | ആകെ | 1,30,00,000/- |

2.തടവുകാരുടെ ക്ഷേമം

| ക്രമ നം | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | അന്തേവാസികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കൽ | 34,00,000 |
| 2 | സെൻട്രൽ പ്രിസണുകളിൽ പന്നി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നത് | 16,50,000 |
| 3 | ഏഴ് ജയിലുകളിൽ ചപ്പാത്തി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് | 27,50,000 |
| 4 | ജയിൽ അന്തേവാസികൾക്ക് ടെലിവിഷൻ സെറ്റ് വാങ്ങുന്നതിന് | 9,00,000 |
| 5 | ജയിലുകളിൽ എഫ്.എം റേഡിയോ സംവിധാനം സ്ഥാപിക്കുന്നതി | 16,25,000 |
| 6 | ലൈബ്രറി സ്ഥാപിക്കൽ | 13,00,000 |
| 7 | ജയിൽ അന്തേവാസികൾക്കായി വാർഷികോൽസവങ്ങൾ നടപ്പിലാക്കൽ | 9,40,000 |
| 8 | സ്റ്റേറ്റ് ലെവൽ സെമിനാർ | 2,98,500 |
| 9 | ജയിൽ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള റിഫ്രഷർ കോഴ്സ് | 1,35,000 |
| | ആകെ | 1,29,98,500 |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

**അനുബന്ധം—2**

പുതിയ ജയിലുകൾ സ്ഥാപിക്കുന്നതിനാൽ ജയിലുകളിൽ തടവുകാരുടെ ബഹുല്യം കുറയ്ക്കുവാൻ സാധിക്കും ചട്ടപ്രകാരം അന്തേവാസികൾക്ക് അനുവദിച്ചിട്ടുള്ള living space അനുവദിക്കുവാനും അവരുടെ മനുഷ്യാവകാശം സംരക്ഷിക്കുവാനും സാധിക്കുന്നതാണ്. സൗരോർജ്ജ പ്രാന്റ് സ്ഥാപിക്കുന്നതു മുഖേന ആവശ്യമുള്ള തടവുകാർക്ക് കുളിക്കുന്നതിന് ചൂടു വെള്ളം ലഭിക്കുന്നതാണ്. സൗരോർജ്ജം ഉപയോഗിച്ച് ആവിയിൽ പാചകം ചെയ്യുമ്പോൾ അന്തേവാസികൾക്ക് തീയിൽ നിന്നും പുകയിൽ നിന്നും രക്ഷ കിട്ടുന്നതാണ്. ജയിലുകളിൽ അറ്റകുറ്റപ്പണികളും നടത്തുന്നതിനാൽ ജയിൽ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുതിനും മനുഷ്യവാസത്തിന് ഉതകുന്ന തരത്തിൽ മാറ്റാനും കഴിയുന്നുണ്ട്. അംഗീകൃത ശേഷിക്ക് അനുസൃതമായി കുളിമുറി, കക്കൂസ് എന്നിവ ഇല്ലാത്തതിനാൽ ഓരോ അന്തേവാസിക്കും രാവിലെ അവരവരുടെ അവസരം കാത്ത് വളരെയധികം നേരം ക്യൂ നിൽക്കേണ്ടിവരുന്ന അവസ്ഥ പല ജയിലുകളിലും ഉള്ളത് ഒഴിവാക്കുന്നതിനായി 6 തടവുകാർക്ക് ഒരു ടോയ്ലറ്റ് എന്ന കണക്കിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നുണ്ട്. ജയിലുകളിൽ സി.സി. ടി.വി സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ എല്ലാ ബ്ലോക്കിലും നടക്കുന്ന കാര്യങ്ങൾ ജയിൽ അധികൃതർക്ക് കൺട്രോൾ റൂമിലിരുന്ന് നിരീക്ഷിക്കുന്നതിനും ഉടനടി പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. ദുർബലരായ തടവുകാരുടെ മേൽ ശക്തന്മാരായ തടവുകാർ അധികാരം പ്രയോഗിക്കുന്ന അവസ്ഥ പല ജയിലുകളിലും ഉണ്ടായിരുന്നു. സി.സി.ടി.വി സ്ഥാപിച്ചിട്ടുള്ള ജയിലുകളിൽ ഈ ദുരവസ്ഥ ഒഴിവാക്കുന്നതിനും തടവുകാരുടെ താല്പര്യം സംരക്ഷിക്കുന്നതിനും സാധിക്കുന്നുണ്ട്. കൂടാതെ തടവുകാരുടെ പരസ്പര ആക്രമണം, ആത്മഹത്യാ ശ്രമങ്ങൾ തടയുക, ജയിലിനുള്ളിൽ മദ്യപാനം തടയുക, തടവുചാട്ടം തടയുക, മൊബൈൽ ഫോൺ ഉപയോഗം തടയുക. മയക്കുമരുന്നിന്റെ ഉപയോഗം തടയുക അങ്ങനെ എല്ലാ രീതിയിലും തടവുകാരുടെ ക്ഷേമം രാത്രിയിലും പകലും ഉറപ്പാക്കുവാൻ കഴിയുന്ന സംവിധാനമാണ് സി.സി.ടി.വി. ചീമേനിയിലേയും നെട്ടുകാൽത്തേരിയിലേയും വികസന പ്രവർത്തനങ്ങളിൽ പ്രധാനമായും ജൈവ കൃഷി വികസനത്തിനാണ് ഊന്നൽ കൊടുത്തിട്ടുള്ളത്.

നെട്ടുകാൽത്തേരി തുറന്ന ജയിലിലെ ജലക്ഷാമത്തിന് പരിഹാരം കാണുവാനും പാഴായി പോകുന്ന ജലം കൃഷിയ്ക്ക് ഉപയുക്തമാക്കാനും വേണ്ടി രണ്ട് ചെക്ക് ഡാം നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത ചെക്കുഡാമുകളിൽ നിന്നും ജലവിതരണം നടത്തുന്നതിനുള്ള പൈപ്പ് ലൈൻ ഇടൽ, പമ്പ് സ്ഥാപിക്കൽ എന്നീ പണികൾ നടന്നുവരികയാണ്.

തടവുകാരുടെ മാനസിക സംഘർഷം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയും വിശ്രമ വേളകൾ വിനോദോപാധികളാൽ ആനന്ദകരമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും ജയിലുകളിൽ എഫ്. എം. റേഡിയോ, ടെലിവിഷനുകൾ എന്നിവ സ്ഥാപിച്ചു. ലൂഡോ, ചെസ് ബോർഡ്, കാരം ബോർഡ്, ഏണിയും പാമ്പും തുടങ്ങിയ ഇൻഡോർ കളിയുപകരണങ്ങളും ജയിലുകളിൽ വിതരണം നടത്തുകയും തടവുകാർക്ക് വിശ്രമ വേളകളിൽ ഇത്തരത്തിലുള്ള കളികളിൽ ഏർപ്പെട്ടുകൊണ്ട് മാനസിക പിരിമുറുക്കങ്ങളിൽ നിന്നും രക്ഷ നേടാൻ കഴിയുന്നതുമാണ്.

തടവുകാർക്ക് കൂടുതൽ വേതനം ഉറപ്പാക്കിക്കൊണ്ട് പാരമ്പര്യ തൊഴിലുകൾക്ക് പുറമേ പന്നി വളർത്തൽ, കോഴിവളർത്തൽ, ആട് വളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കൽ, ചപ്പാത്തി, ഇഡ്ഡലി, കറി എന്നിവയുടെ നിർമ്മാണം, കെട്ടിട നിർമ്മാണം എന്നിവയിൽ തൊഴിലവസരം സൃഷ്ടിച്ചുകൊണ്ട് ഈ ഇനത്തിൽ തടവുകാർക്ക് ലഭിക്കുന്ന കൂടുതൽ തുക അവരുടെ വീടുകളിൽ എത്തിക്കുവാൻ കഴിയുന്നുണ്ട്.

തടവുകാർക്ക് അവരുടെ ബന്ധുക്കളുമായിട്ടും സുഹൃത്തുക്കളുമായിട്ടും ആശയവിനിമയം നടത്തുവാനുള്ള സൗകര്യം കൊടുക്കാൻ വേണ്ടി ജയിലുകളിൽ കോയിൻബോക്സ് സംവിധാനം ഏർപ്പാടാക്കുകയുണ്ടായി. ലൈബ്രറി പുസ്തകങ്ങൾ വാങ്ങുക വഴി തടവുകാരിൽ വായനാശീലം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി 17 ഇനം തോഴിൽ പരിശീലനം നൽകുക വഴി തടവുകാർക്ക് റിലീസ് ചെയ്തു പോകുമ്പോൾ ഉപജീവനമാർഗ്ഗം കണ്ടെത്താനാകും.

[signature]

സെക്ഷൻ ഓഫീസർ